പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1720 — 16.3.2015-ൽ മറുപടിക്ക്

കേരള സുസ്ഥിരനഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ. പി. ജയരാജൻ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| (എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുളള അനുമതിക്കായി മട്ടന്നൂർ നഗരസഭയിലെ ഏതെല്ലാം പദ്ധതികളാണ് കെ. എസ്.യു.ഡി.പിയ്ക്ക് സമർപ്പിച്ചിട്ടുളളത്; ഓരോ പദ്ധതിയും എത്ര തുകയുടെ എസ്റ്റിമേറ്റ് അടങ്ങിയതാണ്; | (എ) യു.ഐ.ഡി.എസ്.എസ്.എം.റ്റി എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ട്രാൻസിഷൻ ഫെയ്സിൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിനായി മട്ടന്നൂർ നഗരസഭ കെ.എസ്.യുഡിപിയിൽ സമർപ്പിച്ച പദ്ധതികളും അവയുടെ അടങ്കലുകളും ചുവടെ ചേർക്കുന്നു.<br><br>പദ്ധതി — അടങ്കൽ<br>1 കുടിവെളള വിതരണ പദ്ധതി — 78 ലക്ഷം രൂപ<br>2 റോഡ് നവീകരണ പദ്ധതി — 8.75 ലക്ഷം രൂപ<br>3 അർബൻ റിന്യൂവൽ പദ്ധതി (മാർക്കറ്റ് നവീകരണ പദ്ധതി) — 28.1 ലക്ഷം രൂപ |
| (ബി) പ്രസ്തുത പദ്ധതികൾക്ക് അനുമതി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (ബി) യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതിയുടെ രണ്ടാമത് സംസ്ഥാനതല സാങ്ഷനിംഗ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് അംഗീകാരം നേടുന്നതിന് മുന്നോടിയായുളള പ്രോജക്ട് അപ്രൈസലിനായി മട്ടന്നൂർ നഗരസഭ സമർപ്പിച്ച പ്രോജക്ടുകൾ കേന്ദ്രനഗരകാര്യ വകുപ്പിന് അയച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതികൾക്ക് അനുമതി ലഭിക്കുവാനുളള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ? | ലോകസഭയിലേക്കുളള തെരഞ്ഞെടുപ്പ് വിജ്ഞാപനം പുറപ്പെടുവിച്ച സാഹചര്യത്തിലും, യു.ഐ.ഡി.എസ്.എസ്.എം.റ്റി ട്രാൻസിഷൻ ഫെയ്സിലെ പദ്ധതികളുടെ അംഗീകാരവും യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി കാലയളവും 31.3.2014 തീയതി വച്ച് അവസാനിപ്പിച്ച സാഹചര്യത്തിലും 2014 ഫെബ്രുവരിയിൽ അപ്രൈസലിനായി സമർപ്പിച്ച മട്ടന്നൂർ നഗരസഭയുടെ പ്രോജക്ടുകൾ കേന്ദ്ര നഗരകാര്യ വകുപ്പ് മടക്കി അയക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ